ഫാക്ടറി	(1) എരുവ	(2) പത്തിയൂർ	റികൾ
1996 - 18 ദിവസം	57	68	
1997 - 60 ദിവസം	78	90	1997-155 ദിവസം
1998 - 80 ദിവസം	34	34	1998-34 ദിവസം
1999 - 50 ദിവസം	70	70	
(9.7.99 വരെ)	(9.7.99 വരെ)	(9.7.99 വരെ)	

(ബി) എരുവ കാഷ്യൂ ഫാക്ടറിയിൽ ഷെഡ് വീണതുമൂലം അപകടം സംഭവിച്ച 10 തൊഴിലാളികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അസുഖം ഭേദമായതിനെതുടർന്ന് വീടുകളിൽ എത്തിച്ചതിന് ടാക്സിച്ചെല വായി 665 രൂപയും ആശുപത്രിയിൽ മരുന്ന് വാങ്ങി നൽകിയതിന് 1784 രൂപയും ആഹാരച്ചെലവിനായി 1750 രൂപയും ചെലവഴിച്ചിട്ടുണ്ട്.

അനധികൃത ഗ്രാനൈറ്റ് ഖനനം

38 (2835)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ അനധികൃതമായി ഗ്രാനൈറ്റ് ഖനനം ചെയ്യുന്നതായി പരാതിശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ അത് തടയുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ ഗ്രാമപഞ്ചായത്തിലെ ചരിത്രസ്മാരകങ്ങളായി അറിയപ്പെ ടുന്ന പല പ്രദേശങ്ങളിലും അനധികൃതമായി ഗ്രാനൈറ്റ് ഖനനം ചെയ്യുന്നത് സ്ഥിരമായി തടയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ തിരുവനന്ത പുരം ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥൻമാരും ദക്ഷിണ മേഖലാ സ്ക്വാഡ് ഉദ്യോഗസ്ഥൻമാരും ജില്ലയിലെ മറ്റ് ഭാഗങ്ങളിലെന്നപോലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ പരിശോധന നടത്തി അനധികൃത ഗ്രാനൈറ്റ് ഖനനം തടയുവാൻ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാന ആർക്കിയോളജി വകുപ്പിന്റെ ശുപാർശപ്രകാരം കേരളസർക്കാർ പുരാവസ്തുവായി പ്രഖ്യാപിച്ച പാണ്ഡവൻപാറ എന്ന ചരി ത്രസ്മാരകത്തിന്റെ നിയമാനുസൃത 50 മീറ്റർ ചുറ്റളവിൽ ഗ്രാനൈറ്റ് ഖനനം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

പി.എം.ആർ.വൈ. പദ്ധതിപ്രകാരം ലഭിച്ച ലോൺ

39 (2836)ശ്രീ. സി.കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പി.എം.ആർ.വൈ. പദ്ധതിപ്രകാരം ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ച സംഖ്യ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ബി) ലോൺ അനുവദിച്ച ഗുണഭോക്താക്കൾക്ക് അതിന് ചുമത ലപ്പെടുത്തിയ ബാങ്കിൽനിന്നോ ബാങ്ക് മേലധികാരിയിൽനിന്നോ ആവശ്യമായ സഹകരണം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പി.എം.ആർ.വൈ. പദ്ധതിപ്രകാരം ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ച സംഖ്യ, ബാങ്ക് ആവശ്യപ്പെടുന്ന പ്രമാണങ്ങൾ ഹാജരാക്കുകയാണെങ്കിൽ യഥാസമയം ലഭിക്കാറുണ്ട്.

(ബി) അപൂർവ്വമായി മാത്രം ചില പരാതികൾ ലഭിക്കാറുണ്ട്.

(സി) ഉന്നയിക്കുന്ന പരാതികൾ യഥാർത്ഥമാണോ എന്ന് അന്വേഷിക്കുകയും അന്വേഷണത്തിൽ അവ യഥാർത്ഥമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ബാങ്കിലെ മേലധികാരികൾക്ക് നിർദ്ദേശം നൽകുകയോ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നം പരിഹരിക്കുകയോ ചെയ്യാറുണ്ട്.

ഓണക്കോടി പദ്ധതി

40 (2837) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം ഹാൻവീവ് നടപ്പാക്കിയ ഓണക്കോടി പദ്ധതി ആരെല്ലാമായി സഹകരിച്ചുകൊണ്ടാണ് നടത്തിയത്;

(ബി) ഈ പദ്ധതിയനുസരിച്ച് എത്രപേർക്ക് ഓണക്കോടി നൽകി;

(സി) ഇതുമുഖേന ഹാൻവീവിന് എന്തു തുക ലാഭംകിട്ടി;

(ഡി) ഈ ലാഭത്തിന്റെ വിഹിതം ആർക്കെങ്കിലും കൊടുക്കേണ്ടതായി വന്നുവോ; എങ്കിൽ ആർക്കെല്ലാം എത്രവീതം കൊടുത്തു;

(ഇ) ഈ വർഷവും ഓണത്തിന് ഓണക്കോടി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) യു.എ.ഇ. എക്സ്ചേഞ്ചു സെന്റർ, ബഹറിൻ ഇന്ത്യാ ഇന്റർനാഷണൽ കമ്പനി, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവരുടെ സഹകരണത്തോടുകൂടിയാണ് ഹാൻവീവ് കഴിഞ്ഞ വർഷം ഓണക്കോടി പദ്ധതി നടപ്പാക്കിയത്.

(ബി) 2481 പേർക്ക് ഈ പദ്ധതി മുഖേന ഓണക്കോടി നൽകി.

LIBRARY ARCHIVES Kerala Legislative Assembly